## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **10-03-2025 - ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ വിദ്യാർത്ഥികൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കാൻ എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ വിദ്യാർത്ഥികൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ<br><br>1) ഒരു ലക്ഷം രൂപ വരെ സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br><br>2) പട്ടികജാതിയിലെ ദുർബ്ബല വിഭാഗക്കാരായ വേടൻ, നായാടി, കള്ളാടി,ചക്ലിയൻ, അരുന്ധതിയാർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് വ്യക്തിഗത സംരംഭം ആരംഭിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ വരെ അനുവദിക്കുന്നു<br><br>3) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Businessസംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി<br><br>4) തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ, ഇൻകുബേഷൻ സെന്റർ<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ വിദ്യാർത്ഥികൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി ഉന്നതി എംപവർമെന്റ് സൊസൈറ്റി, കേരള സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>എഞ്ചിനീയറിംഗ് ഐ റ്റി അധിഷ്ഠിത സാങ്കേതിക വിദ്യകൾ മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാര |

| | | | |
|---|---|---|---|
| | | | മാർക്കറ്റിംഗ്, കാർഷികം. തുടങ്ങിയ മേഖലയിൽ പരിജ്ഞാനവും താൽപ്പര്യമുള്ളതും, എന്നാൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൂലധനം സ്വരൂപിക്കാൻ സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ സംരംഭക സ്വപ്നം നിറവേറ്റാൻ സാധിക്കാത്തതുമായ പട്ടികവർഗ യുവതി യുവാക്കൾക്ക് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന ചെയ്യുന്നു. സംരംഭത്തിന്റെ സമസ്ത മേഖലകളിലും രണ്ട് മാസത്തോളം Hands on Training നൽകി അവരെ പ്രാപ്തരാക്കുക എന്നത് സ്റ്റാർട്ടപ് മിഷൻ മുഖേന ചെയ്യുന്നു. |
| (ബി) | ഇപ്രകാരം സഹായധനം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) | പട്ടികജാതിക്കാർക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു<br><br>**<u>സ്വയംതൊഴിൽ പദ്ധതി</u>**<br><br>1.പ്രായം 18-50.<br><br>2. വിദ്യാഭ്യാസ യോഗ്യത 7–ാം ക്ലാസ്സ്.<br><br>3.വരുമാന പരിധി ബാധകമല്ല.<br><br>4. എസ്.ജി.എസ്.വൈ ലോൺ വാങ്ങിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കണം.<br><br>5. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും തുടങ്ങാം.<br><br>**<u>സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി</u>**<br><br>1. വ്യക്തികൾ/ഗ്രൂപ്പുകൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.<br><br>2. 51 ശതമാനത്തിലധികം പട്ടികജാതിക്കാരുടെ ഷെയർ ഹോൾഡിങ് ഉള്ള കമ്പനി/പങ്കാളിത്ത സ്ഥാപനങ്ങൾക്കും (ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തത്) സമാന സ്വഭാവമുള്ള മറ്റേതെങ്കിലും സംഘടനകൾക്കും പദ്ധതി പ്രകാരം അപേക്ഷിക്കാം.<br><br>പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു<br>1.പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ തുകയിൽ 80% തുക പട്ടികവർഗ വികസന വകുപ്പ് നൽകുന്നതാണ്.<br><br>**2.** 20% തുക പട്ടികജാതി പട്ടികവർഗ കോർപ്പറേഷനിൽ നിന്നോ ബാങ്കിൽ നിന്നോ വായ്പ ആയും എടുത്തിരിക്കണം. |

| | | | |
|---|---|---|---|
| | | | 3. ഈ പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ സ്വാശ്രയ സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സാമ്പത്തിക സഹായം. വായ്പ,സബ്സിഡി, ഗ്രാന്റ് എന്നിവ നൽകുന്നതിനും സാങ്കേതിക വിദ്യയിലും നിർമ്മാണ രംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി സംരംഭകർക്ക് ആവശ്യമായ മാർഗനിർദേശവും പരിശീലനവും ലഭ്യമാകുന്നതാണ്.<br><br>4. കേന്ദ്രസംസ്ഥാന സർക്കാരുകൾ തദ്ദേശസ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലൈസൻസുകൾ ഗ്രാൻറുകൾ എന്നിവ ലഭ്യമാക്കുന്നതിനും സാധിക്കും. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഉന്നത വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥിനികൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ പ്രത്യേക സഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ: വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ വിദ്യാർത്ഥികൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ<br><br>1) ഒരു ലക്ഷം രൂപ വരെ സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br><br>2) പട്ടികജാതിയിലെ ദുർബ്ബല വിഭാഗക്കാരായ വേടൻ, നായാടി, കള്ളാടി, ചക്ലിയൻ, അരുന്ധതിയാർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് വ്യക്തിഗത സംരംഭം ആരംഭിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ വരെ അനുവദിക്കുന്നു<br><br>3) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Businessസംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി<br><br>4) തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ, ഇൻകുബേഷൻ സെന്റർ<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ വിദ്യാർത്ഥികൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി ഉന്നതി എംപവർമെന്റ് സൊസൈറ്റി, കേരള സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>എഞ്ചിനീയറിംഗ് ഐ റ്റി അധിഷ്ഠിത സാങ്കേതിക വിദ്യകൾ മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാര |

| | | | |
|---|---|---|---|
| | | | മാർക്കറ്റിംഗ്, കാർഷികം. തുടങ്ങിയ മേഖലയിൽ പരിജ്ഞാനവും താൽപ്പര്യമുള്ളതും, എന്നാൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൂലധനം സ്വരൂപിക്കാൻ സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ സംരംഭക സ്വപ്നം നിറവേറ്റാൻ സാധിക്കാത്തതുമായ പട്ടികവർഗ യുവതി യുവാക്കൾക്ക് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന ചെയ്യുന്നു. സംരംഭത്തിന്റെ സമസ്ത മേഖലകളിലും രണ്ട് മാസത്തോളം Hands on Training നൽകി അവരെ പ്രാപ്തരാക്കുക എന്നത് സ്റ്റാർട്ടപ് മിഷൻ മുഖേന ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ